**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**<u>സിവിൽ പോലീസ് ഓഫീസർമാരുടെ നിയമനം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1659.** **10/03/2020-ൽ മറുപടിക്ക്**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പോലീസ് സേനയിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) | സംസ്ഥാന പോലീസ് സേനയിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ നിന്നും ബൈ ട്രാൻസ്ഫർ വഴിയാണ് നിയമനം നടത്തുന്നത്. ഇത്തരത്തിൽ ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളാണ് നിയമനത്തിനായി കേരള പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്. അത്തരത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിന്റെ ബറ്റാലിയൻ തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. |

| യൂണിറ്റ് | റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം |
|---|---|
| എം.എസ്.പി. | 626 |
| എസ്.എ.പി. | 867 |
| കെ.എ.പി.1 | 396 |
| കെ.എ.പി.2 | 756 |
| കെ.എ.പി.3 | 581 |
| കെ.എ.പി.4 | 462 |
| കെ.എ.പി.5 | 268 |

| | | | |
|---|---|---|---|
| (ബി) | റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ പി.എസ്.സി. നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ കെ.എ.പി. ഒന്നാം ബറ്റാലിയനിൽ 67 നിയമന ശുപാർശകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. കെ.എ.പി. 5-ാം ബറ്റാലിയനിലേക്ക് നിയമന ശുപാർശകൾ ഒന്നും ലഭിച്ചിട്ടില്ല. നിയമന നടപടിക്രമങ്ങൾ പൂർത്തിയാക്കിയവയിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാന പോലീസ് സേനയിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ നിന്നും ബൈ ട്രാൻസ്ഫർ നിയമനമാണ് നടത്തുന്നത്. സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് മേൽ പ്രകാരം നേരിട്ടുള്ള നിയമനം നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ